File No.LSGD-DD3/88/2017-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- മിഷൻ അന്ത്യോദയ സർവ്വെ ഗ്രാമപഞ്ചായത്തുകളിൽ നടത്തുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു

## തദ്ദേശ സ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ) നം.116/2019/ത.സ്വ.ഭ.വ

തീയതി,തിരുവനന്തപുരം, 22/01/2019

പരാമർശം:- 1 27.03.2017-ലെ സ.ഉ.(സാധാ.)നം.172/2017/ ആ.സ.വ

2 19.09.2018-ലെ സ.ഉ(സാധാ.)നം.2462/2018/ത. സ്വ. ഭ. വ

3 കേന്ദ്രഗ്രാമവികസന വകുപ്പ് സെക്രട്ടറിയുടെ 24.08.2018-ലെ ഡി.ഒ-സെക്രട്ടറി(ആർ.ഡി)2018 നമ്പർ കത്ത്

4 സാമ്പത്തിക സ്ഥിതി വിവരകണക്ക് ഡയറക്ടർ ജനറലിന്റെ 15-11-2018-ലെ പി. എൽ.8232/2018/ഡി.ഇ.എസ് നമ്പർ കത്ത്

<u>ഉത്തരവ്</u>

അടിസ്ഥാന സൗകര്യം, മാനവ വികസനം, സാമ്പത്തിക പ്രശ്നങ്ങൾ എന്നിവയുടെ അവസ്ഥ നിർണ്ണയിക്കുന്ന ഏതാനും സൂചകങ്ങളെ അടിസ്ഥാനമാക്കി ഇന്ത്യയിലെ ഗ്രാമപഞ്ചായത്തുകളെ റാങ്ക് ചെയ്യുന്നതിനുള്ള (100 മാർക്കിന്) ഒരു സംവിധാനത്തിന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം രൂപം നൽകിയിട്ടുണ്ട്. ഗ്രാമങ്ങളിലെ പ്രശ്നങ്ങളും വിടവുകളും (gaps) കണ്ടെത്തി കൃത്യമായ ആസൂത്രണത്തിലൂടെ പദ്ധതികൾ രൂപപ്പെടുത്തി നടപ്പിലാക്കുന്നതിന് ഇത് ലക്ഷ്യമിടുന്നു. കേന്ദ്ര സംസ്ഥാന പദ്ധതികളുടെ സമന്വയം ഉറപ്പാക്കി ഇത് സാധ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായുള്ള മിഷൻ അന്ത്യോദയ സർവ്വെയുടെ ആദ്യഘട്ടം ഇന്ത്യയിലെ 45,000 ഗ്രാമപഞ്ചായത്തുകളിൽ നടത്തി വിവരങ്ങൾ ഇതിനുവേണ്ടി പ്രത്യേകം തയ്യാറാക്കിയിട്ടുള്ള പോർട്ടലിലേക്ക് അപ് ലോഡ് ചെയ്തിരുന്നു. കേരളത്തിൽ 195 ഗ്രാമപഞ്ചായത്തുകളിലാണ് സർവ്വേ നടത്തിയത്.

2. 'മിഷൻ അന്ത്യോദയ സർവ്വേ' എല്ലാ ഗ്രാമപഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ സർവ്വെ നടത്തി വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിന് സർക്കാർ ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

3. മിഷൻ അന്ത്യോദയ സർവേയുടെ സംസ്ഥാനതല നോഡൽ ഓഫീസർമാരായി സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് ഡയറക്ടർ ജനറൽ, പഞ്ചായത്ത് ഡയറക്ടർ എന്നിവരെയും ജില്ലാതല

നോഡൽ ഓഫീസർമാരായി ഇക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡപ്യൂട്ടി ഡയ[illegible] പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ എന്നിവരെയും നിയോഗിക്കുന്നു.

4. പ്രാദേശിക സർക്കാരുകളുടെ പദ്ധതി-പദ്ധതിയേതര പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന്റെയും സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുന്നതിന്റെയും ഭാഗമായി സാമ്പത്തിക-സ്ഥിതി വിവരകണക്ക് വകുപ്പിൽ നിന്നും ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിലും നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കായിരിക്കും (വിവരശേഖരണ ഉദ്യോഗസ്ഥർ) സർവ്വെയുടെ വിവരശേഖരണ ചുമതല. ഇങ്ങനെ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ സർവ്വെ നടത്തി വിവരങ്ങൾ പോർട്ടലിലേക്ക് അപ് ലോഡ് ചെയ്യേണ്ടതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഗ്രാമപഞ്ചായത്ത് ഓഫീസ്, പ്രാഥമികാരോഗ്യ കേന്ദ്രം, അംഗൻവാടികൾ, സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങൾ സന്ദർശിച്ച് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വേണം വിവരങ്ങൾ തയ്യാറാക്കേണ്ടത്. ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിലെ പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് എക്സ്റ്റൻഷൻ ഓഫീസർക്ക് (പരിശോധനാ ഉദ്യോഗസ്ഥൻ)ആയിരിക്കും സർവ്വേയുടെ പരിശോധന ചുമതല. പരിശോധന ഉദ്യോഗസ്ഥൻ വിവരങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിനുശേഷം മാത്രമെ വിവരശേഖരണ ഉദ്യോഗസ്ഥൻ പോർട്ടലിൽ ഡാറ്റാ അപ് ലോഡ് ചെയ്യാൻ പാടുള്ളൂ. സർവ്വെയുടെ ഫോർമാറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

5. നിശ്ചിത ഫോറത്തിൽ തയ്യാറാക്കുന്ന വിവരങ്ങൾ അതിനായുള്ള മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് കേന്ദ്ര ഗ്രാമവികസന വകുപ്പിന്റെ പോർട്ടലിലേക്ക് അപ് ലോഡ് ചെയ്യേണ്ടത്. പോർട്ടലിൻറെ അഡ്മിനിസ്ട്രേറ്റർമാരായി സംസ്ഥാനം, ജില്ല എന്നീ തലങ്ങളിൽ യഥാക്രമം പഞ്ചായത്ത് ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരെ നിയോഗിക്കുന്നു. സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിൽ നിന്നും ഗ്രാമപഞ്ചാത്തിന്റെ ചുമതല നൽകിയിട്ടുള്ള ഉദ്യോഗസ്ഥനായിരിക്കും ഗ്രാമപഞ്ചായത്ത് യൂസർ, ബ്ലോക്ക് പഞ്ചായത്ത് യൂസർ ആയി ബ്ലോക്ക് പഞ്ചായത്തിലെ പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് - എക്സ്റ്റൻഷൻ ഓഫീസറെ നിയോഗിക്കുന്നു. ഗ്രാമപഞ്ചായത്ത് യൂസർ അപ് ലോഡ് ചെയ്യുന്ന വിവരങ്ങൾ പരിശോധിച്ച് ആവശ്യമെങ്കിൽ ബ്ലോക്ക് യൂസർക്ക് തിരുത്തൽ വരുത്താവുന്നതാണ്.

6. ആദ്യ ഘട്ടത്തിൽ സർവ്വേ നടത്തിയ 195 ഗ്രാമപഞ്ചായത്തുകളിൽകൂടി വീണ്ടും സർവ്വെ നടത്തി വിവരങ്ങൾ പുതുക്കി അപ് ലോഡ് ചെയ്യേണ്ടതാണ്.

7. പ്രാദേശികതല വികസനത്തിനുള്ള അടിസ്ഥാന വിവരങ്ങൾ (Basic Statistics for Local Level Development) എന്ന പദ്ധതിയുടെ ഭാഗമായി സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് ഓൺലൈനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അന്ത്യോദയ സർവ്വെയുടെ ഭാഗമായി ശേഖരിക്കുന്ന വിവരങ്ങളും പ്രാദേശികാസൂത്രണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയണം. അതിനാൽ സർവ്വേയിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ ബി.എസ്.എൽ.എൽ.ഡിയുടെ വിവരാടിത്തറയിലേക്ക് ഉൾപ്പെടുത്തേണ്ടതാണ്. ഇതിനുവേണ്ട ക്രമീകരണങ്ങൾ സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് ഡയറക്ടർ ജനറൽ ഏർപ്പെടുത്തുന്നതാണ്.

8. സർവ്വേ സംബന്ധമായ പരിശീലനം സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പും കിലയും സംയുക്തമായി നൽകുന്നതാണ്. സർവ്വേയ്ക്കുവേണ്ട ചെലവുകൾ പരാമർശം മൂന്നിലെ കത്തിൽ നിഷ്കർഷിച്ചിട്ടുള്ളതുപോലെ ദീൻ ദയാൽ അന്ത്യോദയ യോജന ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഭരണചെലവിൽ നിന്നും വഹിക്കേണ്ടതാണ്.

9 . സർവ്വേ സംബന്ധമായ എല്ലാ പ്രവർത്തനങ്ങളും 2019 ഫെബ്രുവരി 20-ന് മുൻപ് പൂർത്തിയാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ.ഗോപാലകൃഷ്ണ ഭട്ട്
സെക്രട്ടറി